പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 446 11.12.2012 ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ, അതിവേഗ കോറിഡോർ, തിരുവനന്തപുരം, കോഴിക്കോട് മോണോറെയിൽ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ: | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| കൊച്ചി മെട്രോ, അതിവേഗ റെയിൽ കോറിഡോർ, തിരുവനന്തപുരം, കോഴിക്കോട് മോണോറെയിൽ എന്നീ പദ്ധതികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | കൊച്ചി മെട്രോ റെയിൽപദ്ധതിക്ക് 2012 ജൂലൈ 12-ാം തീയതി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു. ഇതെ തുടർന്ന് സെപ്റ്റംബർ 11-ന് കേന്ദ്ര-കേരള സർക്കാർ പ്രാതിനിധ്യത്തോടെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിച്ചു. പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. തിരുവനന്തപുരത്തും കോഴിക്കോട്ടും മോണോറെയിൽ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കമ്പനി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോഴിക്കോട് മോണോറെയിൽ പദ്ധതിക്കുവേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) ഡി.എം.ആർ.സി. തയ്യാറാക്കി സമർപ്പിച്ചു കഴിഞ്ഞു. തിരുവനന്തപുരം മോണോ റെയിൽ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് ഡി.എം.ആർ. സി.യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അതിവേഗ റെയിൽപ്പാതകളുടെ വിശദമായ പദ്ധതിരേഖ ഡി.എം.ആർ.സി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ